LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയിൽ സ്വയംപര്യാപ്തത

15 (*585) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷികവൃത്തിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് ഈ മേഖലയിൽ കൂടുതൽ സബ്സിഡിയും പഞ്ചായത്ത് തലത്തിൽ എല്ലാ വർഷവും കാർഷികമേളകൾ ജനപങ്കാളിത്തത്തോടെ നടത്തുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക മേഖലയിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുവാൻ പ്രധാന വിളകളായ തെങ്ങ്, നെല്ല്, വാഴ, പച്ചക്കറി എന്നിവയുടെ ഉൽപാദനവർദ്ധനവിനായി കൃഷിവകുപ്പ് വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അതോടൊപ്പം കൃഷി രീതികൾ മെച്ചപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കാർഷിക യന്ത്രവൽക്കരണം, കീടരോഗ നിരീക്ഷണവും നിയന്ത്രണവും, ജലസേചനം എന്നിവയ്ക്ക് പ്രത്യേകമായും മറ്റ് പദ്ധതികളുടെ ഭാഗമായും സഹായം നൽകിവരുന്നു. കർഷകർക്ക് ഉൽപന്നങ്ങളിന്മേൽ ന്യായവില ഉറപ്പാക്കുന്നതിന് ഉൽപ്പന്ന സംഭരണ പരിപാടികളും നടപ്പിലാക്കിവരുന്നു. കൂടാതെ ഉൽപ്പാദന വർദ്ധനവിനായി ആധുനിക കൃഷിരീതികൾക്കും പദ്ധതി നിബന്ധനകൾക്കുവിധേയമായി ധനസഹായം നൽകിവരുന്നു.

(ബി) കാർഷിക മേഖലയിൽ വികസന പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ ഓരോ വർഷവും വർദ്ധനവുണ്ടാകുന്നുണ്ട്. ഇതിൽ നല്ലൊരു ശതമാനവും വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് സബ്സിഡിയായി നൽകി വരുന്നവയാണ്. എല്ലാവർഷവും പഞ്ചായത്ത് തലത്തിൽ ചിങ്ങം-1 വളരെ വിപുലമായി "കർഷകദിന"മായി ആചരിക്കുന്നുണ്ട്. ഇതിൽ കാർഷിക സെമിനാർ, പൊതുയോഗം, മികച്ച കർഷകരെ ആദരിക്കൽ എന്നീ ചടങ്ങുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.